**ശ്രദ്ധക്ഷണിക്കൽ**

## ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

ശ്രീമതി സി. കെ. ആശ: സർ, കേന്ദ്രസർക്കാർ വിൽക്കുവാൻ തീരുമാനിച്ചിട്ടുള്ള കോട്ടയം ജില്ലയിലെ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ സാമ്പത്തിക പ്രതിസന്ധിമൂലം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തതിന് ജീവനക്കാർ അനുഭവിക്കുന്ന കടുത്ത ജീവിത പ്രതിസന്ധിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കേന്ദ്രസർക്കാർ എച്ച്.എൻ.പി.എൽ.-നെ വിൽക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ധനകാര്യസ്ഥാപനങ്ങളെല്ലാം കയ്യൊഴിയുകയും എച്ച്.എൻ.പി.എൽ. അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടിരിക്കുകയുമാണ്. സ്ഥിതി കൂടുതൽ വഷളാകുന്ന വിധത്തിൽ മാനേജിംഗ് ഡയറക്ടറുടെ ഭാഗത്തുനിന്നും നിഷേധാത്മകവും തൊഴിലാളി ദ്രോഹപരവുമായ നിലപാടുകളും തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നു. 'വിയറ്റ്നാം കോളനി' എന്ന പ്രസിദ്ധമായ സിനിമയിൽ ശ്രീ. മോഹൻലാൽ അവതരിപ്പിക്കുന്ന കഥാപാത്രത്തോട് ഉപമിക്കാവുന്ന രീതിയിലുള്ള കമ്പനി വിൽക്കുന്നതിന് വേണ്ട സാഹചര്യങ്ങൾ

ഒരുക്കുന്നതിനുവേണ്ടി മാത്രം ഡെപ്യൂട്ട് ചെയ്യപ്പെട്ട ഒരു മാനേജിംഗ് ഡയറക്ടറാണ് ഇപ്പോൾ കമ്പനിയിലുള്ളത്. ഇതിന്റെ ഫലമായി കമ്പനി പ്രവർത്തിക്കാതിരിക്കുകയാണ്. അസംസ്കൃത വസ്തുക്കൾ ശേഖരിക്കുവാൻ ക്രിയാത്മകമായ യാതൊരു നടപടിയും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കൈക്കൊള്ളുന്നില്ല. സംസ്ഥാന വനം വകുപ്പിൽ നിന്നും ടണ്ണിന് 1000 രൂപയ്ക്ക് ലഭിക്കുന്ന തടി എടുക്കാതെ നാലിരട്ടിയിലേറെ പണം കൊടുത്ത് ആന്ധ്രയിൽ നിന്നും തടി കൊണ്ടുവന്നതിന്റെ ഇനത്തിൽ കമ്പനിക്ക് കോടികളുടെ നഷ്ടം മാനേജ്മെന്റ് വരുത്തിവച്ചു. ഗുണനിലവാരമില്ലാത്ത കൽക്കരി എടുത്തപ്പോഴും കമ്പനി ഭീമമായ നഷ്ടത്തിലേയ്ക്കാണ് കൂപ്പുകുത്തിയത്. കേന്ദ്ര മലിനീകരണ ബോർഡിന്റെ നിരോധനത്തെത്തുടർന്ന് കമ്പനി മാസങ്ങളോളം നിർത്തിവച്ചതിനുശേഷം ബോർഡ് ചൂണ്ടിക്കാണിച്ച വിഷയങ്ങളെല്ലാം പരിഹരിച്ചതിനെത്തുടർന്ന് പ്രവർത്തനാനുമതി ലഭ്യമായിട്ടും ഉല്പാദനം നടത്താൻ മാനേജ്മെന്റ് ശ്രമിക്കുന്നില്ല. ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ എടുത്തുപറയാൻ ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഈ സാഹചര്യത്തിൽ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ശമ്പളം ലഭിക്കാതെയായിട്ട് 8 മാസം കഴിഞ്ഞിരിക്കുകയാണ്. ജീവനക്കാർ

ആത്മഹത്യയുടെ വക്കിലാണ്. രണ്ട് തൊഴിലാളികൾ ആത്മഹത്യാശ്രമം നടത്തിയെന്നാണ് ഇന്നലെ അവിടെനിന്ന് എന്നെ അറിയിച്ചത്. ഈ കമ്പനി ഇപ്പോൾ കടുത്ത മനുഷ്യാവകാശ ലംഘനമാണ് ജീവനക്കാരോട് കാണിക്കുന്നത്. അവരുടെ പി.എഫ്., ഇ.എസ്.ഐ., പെൻഷൻ ഫണ്ട്, ഭവന വായ്പാ ഗഡുക്കൾ, ഇൻഷ്വറൻസ് പ്രീമിയം എന്നിവയെല്ലാം കുടിശ്ശികയായിരിക്കുന്നു. എച്ച്.എൻ.പി.എൽ.-ന്റെ ബാങ്കിന്റെയും ആശുപത്രിയുടെയും സൂപ്പർ മാർക്കറ്റിന്റെയും പ്രവർത്തനങ്ങൾ സാമ്പത്തിക പരാധീനതമൂലം അവതാളത്തിലായിരിക്കുന്നതിനാൽ അതിന്റെ സേവനമൊന്നും ഇപ്പോൾ അവിടത്തെ ജീവനക്കാർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ലഭ്യമാകുന്നില്ല. 30 കോടി രൂപയിലധികം വൈദ്യുതി ബില്ലും 1000 രൂപ നിരക്കിൽ ആവശ്യമായ അസംസ്കൃതവസ്തുവായ തടി നൽകുന്നതിന്റെ വില അടയ്ക്കുന്നതിൽ സാവകാശം തുടങ്ങി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഏറെ സഹായകരമായ നിലപാടാണ് ഈ കാര്യത്തിൽ എടുത്തിട്ടുള്ളത്. എച്ച്.എൻ.പി.എൽ.ന്റെ സ്വകാര്യവൽക്കരണത്തിനെതിരെ സംസ്ഥാന സർക്കാർ പ്രമേയം പാസ്സാക്കിയതുൾപ്പെടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യാവുന്ന

കാര്യങ്ങൾ ഗവൺമെന്റ് ആർജ്ജവത്തോടെ ചെയ്യുന്നുണ്ടെന്ന് നമുക്ക് ഉത്തമ ബോദ്ധ്യമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാവിരുദ്ധ നിലപാടും എച്ച്.എൻ.പി.എൽ. മാനേജിംഗ് ഡയറക്ടറുടെ എച്ച്.എൻ.പി.എൽ. വിരുദ്ധ നിലപാടുകളും ചേർന്ന് ആയിരക്കണക്കിന് തൊഴിലാളികളെയും കുടുംബാംഗങ്ങളെയും പട്ടിണിയിലേയ്ക്കും ജീവിത സമരത്തിലേയ്ക്കും തള്ളിവിട്ടിരിക്കുന്ന വസ്തുത ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിനുമുന്നിൽ അറിയിക്കുന്നു. കേരളത്തിന് അഭിമാനകരമാംവിധത്തിൽ പ്രവർത്തിക്കുന്ന എച്ച്.എൻ.പി.എൽ.-നെ വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനും ആയിരക്കണക്കിന് തൊഴിലാളികളെയും കുടുംബാംഗങ്ങളെയും ആത്മഹത്യയിൽ നിന്ന് രക്ഷിക്കുന്നതിനും ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നുകൂടി ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. (...ബഹളം....)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി നീതി ആയോഗിന്റെ ശിപാർശ പ്രകാരം ലാഭത്തിലുള്ള

കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾപോലും വിറ്റഴിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ജീവനക്കാരുടെ തൊഴിലിനും ആനുകൂല്യങ്ങൾക്കും ഒട്ടനവധി പ്രതിസന്ധികളുമുണ്ടാക്കും. എന്നുമാത്രമല്ല അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തി മത്സരക്ഷമത ഉളവാക്കുന്നതിനുള്ള നയമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അത്തരത്തിലുള്ളൊരു സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് എച്ച്.എൻ.പി.എൽ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി യൂണിറ്റാണ് കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. ഇതിന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾതന്നെ സംസ്ഥാനം ശക്തമായിട്ടുള്ള വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന്

അയച്ചുകൊടുത്തിട്ടുള്ളതും ഈ സ്ഥാപനം പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് പലതവണ കത്തുകൾ അയയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയം സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യുകയും ടി സ്ഥാപനത്തെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന് ഐകകണ്ഠ്യേന അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. വ്യാവസായിക വികസനത്തിനായിട്ടാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാനം ആവശ്യമായ ഭൂമിയെല്ലാം ഏറ്റെടുത്ത് നൽകിയിട്ടുള്ളത്. കമ്പനിയുടെ ഉൽപ്പാദനത്തിന് ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കളും ജലവും വൈദ്യുതിയും വളരെ കുറഞ്ഞ നിരക്കിലാണ് സംസ്ഥാനം നൽകി വരുന്നത്. സംസ്ഥാന സർക്കാരിന് ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിനെയും എച്ച്.പി.സി.എൽ.-നെയും അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നിലപാടിൽ ഒരു മാറ്റവുമുണ്ടാകാത്ത സാഹചര്യത്തിൽ എച്ച്.എൻ.പി.എൽ.-ന്റെ ആസ്തി ഒരു രൂപാ നിരക്കിൽ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് കത്തയച്ചിരുന്നു. അതിനിടെ ഹോൾഡിംഗ് കമ്പനിയായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ലിക്വിഡേഷൻ ഉത്തരവ്

National Company of Law Tribunal-ലേക്ക് അയയ്ക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും എൻ.സി.എൽ.ടി. മുമ്പാകെ അപേക്ഷ സർപ്പിച്ചിരുന്നുവെങ്കിലും ഇതിൽ സംസ്ഥാന സർക്കാർ കക്ഷിയല്ലാത്തതിനാൽ നമ്മുടെ അപേക്ഷ പരിഗണിക്കാതെ പോയി. ഒഫിഷ്യൽ ലിക്വിഡേറ്ററെ ഇപ്പോൾ നിയമിച്ചിരിക്കുകയാണ്. ഇവിടെ ഏറ്റെടുക്കൽ നടപടി ഒരു തിരിച്ചടിയായി. എന്നിരുന്നാലും എച്ച്.എൻ.പി.എൽ.-ന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളും നിലവിലുള്ള ബാധ്യതകളും തീർക്കുന്നതിന് സുവ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സഹിതം എച്ച്.പി.സി.എൽ.-ന്റെ ഒഫിഷ്യൽ ലിക്വിഡേറ്ററെ സമീപിച്ചു. കോടതി മുഖാന്തരം എച്ച്.എൻ.എൽ-നെ ലിക്വിഡേഷനിൽ നിന്നും ഒഴിവാക്കി ടി സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ റിയാബിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. (....ബഹളം... )